ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/13559/2025-GEA3 തീയതി: 08-05-2025

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ക്ലർക്ക് ശ്രീമതി.ഹേമലത-യെ ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന:
1. തദ്ദേശ സ്വയം ഭരണ വകുപ്പ്, കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 19.04.2 LSGD/JD/KNR/4871/2024-A3 കത്ത്.
2. ബഹു. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 31.12.2013-ലെ E7-12171/2012 നമ്പർ ഉത്ത
3. ബഹു. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 16.01.2019-ലെ E3.14301/18 നമ്പർ ഉത്തര
4. ബഹു. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 02.09.2022-ലെ DUA.5913/2022-E ഉത്തരവ്.
5. ബഹു. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 23.06.2022-ലെ DUA/4400/ 2022-E കത്ത്.

ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഭാഗമായ മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ സൂചന(2) ഉത്തരവ് പ്രകാരം തസ്തികമാറ്റം വഴി ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ഹേമലത-യ്ക്ക് മൂന്ന് വർഷത്തിനുള്ളിൽ ടെസ്റ്റ് യോഗ്യത നേടണമെന്ന വ്യവസ്ഥയിൽ സൂചന (3) പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ടെസ്റ്റ് യോഗ്യത നേടിയില്ല എന്ന കാരണത്താൽ ശ്രീമതി.ഹേമലത-യെ സൂചന(4) പ്രകാരം ക്ലർക്ക് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്തിരുന്നു. ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെടുത്തുന്നതിനായി സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീമതി. ഹേമലത യെ ക്ലർക്ക് തസ്തികയിലേക്ക് റിവർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ക്ലർക്ക് തസ്തികയിലെ സൂചന (5) പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിൽ ടിയാളുടെ ക്ലർക്ക് തസ്തികയിലെ നിയമന ഉത്തരവ് തീയതിയായ 31.12.2013 തീയതി അടിസ്ഥാനമാക്കി ക്രമനം.253-ശ്രീ.ബേബിയ്ക്കും ക്രമനം.254-നം ശ്രീ.സംഗീത്കുമാർ.വി-യ്ക്കും ഇടയിൽ ക്രമനം.253A ആയി ഉൾപ്പെടുത്തുന്നതിന് താത്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത തീരുമാനത്തിൽ ആക്ഷേപമുള്ള ജീവനക്കാർ തങ്ങളുടെ ആക്ഷേപം ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ഉചിതമാർഗ്ഗേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.നിശ്ചിത തീയതിയ്ക്കകം ആക്ഷേപങ്ങൾ

ലഭ്യമാകാത്ത പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Sonia Washington
SENIOR ADMINISTRATIVE OFFICER

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
2. ശ്രീമതി. ഹേമലത (ജില്ലാ ജോയിന്റ് ഡയറക്ടർ, കണ്ണൂർ മുഖാന്തിരം)
3. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ IE സെക്ഷൻ
4. സിസ്റ്റം സൂപ്പർവൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ/അധികം.